പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. * 265

19/02/2016 ൽ
മറുപടിയ്ക്ക്

## സാങ്കേതിക സർവ്വകലാശാലയിലെ പരീക്ഷാനടത്തിപ്പ്

**ചോദ്യം**

ശ്രീ. ശ്രീ. എ. പ്രദീപ് കുമാർ
ശ്രീ. ജി. സുധാകരൻ
പ്രൊഫ. സി. രവീന്ദ്രനാഥ്
ഡോ. കെ. ടി. ജലീൽ

(എ) സാങ്കേതികസർവ്വകലാശാലയിലെ പരീക്ഷാനടത്തിപ്പുമായി ബന്ധപ്പെട്ട് ഉണ്ടായ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് പരിശോധന നടത്തുക യുണ്ടായോ ; വിശദമാക്കാമോ;

(ബി) പരീക്ഷാനടത്തിപ്പിൽ പരിചയസമ്പന്ന രായ ഉദ്യോഗസ്ഥരുടെ അഭാവമാണ് ഇതി നിടയാക്കിയതെന്ന കാര്യം അറിവുള്ളതാണോ;

(സി കേന്ദ്ര സ്ഥാപനങ്ങളായ എൻ. ഐ.സി.യും സി.ഡാക്കും ഉണ്ടായിരിക്കെ ബാംഗ്ലൂരിലെ സ്വകാര്യ സ്ഥാപനവുമായി പരീക്ഷാനടത്തിപ്പിന് ധാരണ ഉണ്ടാക്കാനിട യായ സാഹചര്യം വ്യക്തമാക്കാമോ; ചോദ്യപ്പേപ്പർ ചോരാനിടയായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

ശ്രീ. പി. കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസവകുപ്പ് മന്ത്രി)

(എ) & (ബി) എ. പി. ജെ. അബ്ദുൾകലാം സാങ്കേതികസർവ്വകലാശാല വെബ് എനേബിൾഡ് എക്സാമിനേഷൻ മാനേജ്മെന്റ് സംവിധാനത്തിൽ കൂടിയാണ് പരീക്ഷകൾ നടത്താൻ സർവ്വകലാശാല തീരുമാനിച്ചിരുന്നത്. എന്നാൽ വിദ്യാർത്ഥി - അദ്ധ്യാപക സമൂഹത്തിന്റെ ആശങ്കകളുടേയും പ്രതിഷേധത്തിന്റേയും അടിസ്ഥാനത്തിൽ പ്രസ്തുത സംവിധാനം ഉടൻ നടപ്പിലാക്കേണ്ടതില്ല എന്ന് തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ സാധാരണ രീതിയിൽ പരീക്ഷ വിജയകരമായി നടത്തി മൂല്യനിർണ്ണയം പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ടെണ്ടർ നടപടിയിലൂടെയാണ് പരീക്ഷാ നടത്തിപ്പിനായി സോഫ്റ്റ് വെയർ ഹാർഡ് വെയർ പരീക്ഷാനടത്തിക്കുന്നതിനായി സംവിധാനം ഒരുക്കുക എന്നിവയ്ക്കായി ഏജൻസിയെ തെരെഞ്ഞെടുത്തത്. മാനദണ്ഡ ങ്ങൾ പാലിച്ച് കുറഞ്ഞ തുക ക്വോട്ട് ചെയ്ത മെറിട്രാക്ക് കമ്പനിയെ നടപടിക്രമങ്ങൾ പാലിച്ച് തെരെഞ്ഞെടുക്കു കയുണ്ടായി. മെറിട്രാക്കിനെ തിരെ ആക്ഷേപം ഉണ്ടായതിനാൽ തുടർ നടപടികൾ മരവിപ്പിച്ചു. തുടർന്ന് സോഫ്റ്റ് വെയർ വികസിപ്പിച്ചുനൽകുന്നതിനായി സാങ്കേതിക സർവ്വകലാശാല സി-ഡാക്കിനെ ക്ഷണിക്കുക യുണ്ടായി. സോഫ്റ്റ് വെയർ, ഹാർഡ് വെയർ രണ്ട് വർഷത്തെ നടത്തിപ്പിനായി സൗകര്യം ഒരുക്കുക എന്നിവയ്ക്കായി സി-ഡാക്ക് ക്വോട്ട് ചെയ്ത തുക 90 കോടി രൂപയാണ്. എന്നാൽ ഇതേ ജോലിക്ക് രണ്ട് വർഷത്തേയ്ക്ക് മെറിട്രാക്ക് ക്വോട്ട് ചെയ്ത തുക ഏകദേശം 12 കോടി രൂപയാണ്. സാങ്കേതിക സർവ്വകലാശാലയുടെ ചോദ്യപേപ്പർ ചോർന്നിട്ടില്ല.

സെക്ഷൻ ഓഫീസർ